"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ്- WP(C)No.25606/2023- 23/07/2024 ലെ വിധിന്യായം- ശ്രീ.ബാബുക്കുട്ടൻ, ശ്രീ.സൈജു എന്നിവർ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.924/2024/TAXES തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. WP(C)No.25606/2023 ഹർജിയിന്മേൽ ബഹു ഹൈക്കോടതിയുടെ 23/07/2024 ലെ വിധിന്യായം
2. ശ്രീ.ബാബുക്കുട്ടൻ, ശ്രീ.സൈജു എന്നിവർ 05/08/2024- ൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ.
3. എക്സൈസ് കമ്മീഷണറുടെ 03/09/2024 ലെ EXC-5114/2023-XC3 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ മുളവന, പൊട്ടിമുക്ക് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന FL-1-2002 നമ്പർ ചില്ലറ വില്പന മദ്യശാല അവിടെ നിന്നും മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കൊല്ലം, മുളവന, പേരകം ജയന്തി കോളനി ശ്രീജ ഭവനത്തിൽ ബാബുക്കുട്ടൻ.റ്റി, സൈജു ഭവനത്തിൽ സൈജു.സി എന്നിവർ ബഹു: ഹൈക്കോടതി മുൻപാകെ WP(C)No. 25606/2023 നമ്പർ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിന്മേൽ ബഹു:ഹൈക്കോടതി പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ റിവിഷൻ പെറ്റിഷൻ ഫയൽ ചെയ്യുവാൻ ഹർജിക്കാർക്കും, പ്രസ്തുത റിവിഷൻ പെറ്റിഷൻ പരിഗണിച്ച് ഹർജിക്കാരെ നേരിൽകേട്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു.

2) ബഹു: ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും പരാമർശം 2 പ്രകാരം ഹർജ്ജിക്കാർ സമർപ്പിച്ച റിവിഷൻ പെറ്റീഷന്റെയും അടിസ്ഥാനത്തിൽ 05.09.2024-ൽ ഹർജിക്കാരെയും ഹർജിക്കാരുടെ സർവ്വീസ് കൺസട്ടന്റിനെയും എക്സൈസ് കമ്മീഷണറുടെ പ്രതിനിധിയേയും സർക്കാർ നേരിൽ കേട്ടതിൽ പൊട്ടിമുക്കൽ പ്രവർത്തിക്കുന്ന FL-1-2002 നമ്പർ ചില്ലറ മദ്യവില്പനശാലയിൽ നിന്നും 200 മീറ്റർ ദൂരപരിധിക്കുള്ളിലാണ് ജയന്തി കോളനി സ്ഥിതി ചെയ്യുന്നതെന്നും, മദ്യവില്പനശാല പ്രവർത്തിക്കുന്ന സ്ഥലത്ത് ബസ്സ്റ്റോപ്പ് ഉള്ളതിനാൽ ബസ് കാത്ത് നിൽക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള നാട്ടുകാർക്ക് മദ്യവിൽപനശാല ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും അപേക്ഷകർ ബോധിപ്പിച്ചു. മദ്യവില്പനശാലക്കുള്ളിലും, പാർക്കിങ് സ്ഥലത്തും, മറ്റ് സമീപ പ്രദേശങ്ങളിലും വെച്ച് മദ്യപാനം നടത്തുന്നതും, സംഘർഷങ്ങൾ ഉണ്ടാകുന്നതും പതിവാണെന്നും ആയത് പൊതുജനശല്യമായി മാറിയിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത മദ്യവില്പനശാല അവിടെ നിന്നും മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണെമെന്നും അപേക്ഷകർ ആവശ്യപ്പെട്ടു.

3) FL-1-2002 നമ്പർ ചില്ലറ മദ്യവില്പനശാല മുൻപ് പ്രവർത്തിച്ചിരുന്നത് കുണ്ടറ-കൊട്ടിയം റോഡിന് സമീപം പെരുമ്പുഴ EP-XX/798 നമ്പർ കെട്ടിടത്തിലായിരുന്നു. എന്നാൽ കെട്ടിടം ഒഴിയണമെന്ന് കെട്ടിട ഉടമ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം പ്രസ്തുത ചില്ലറ മദ്യവില്പനശാല കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം പൊട്ടിമുക്കിലുള്ള KP XIII/627 നമ്പർ

കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതാണെന്നും, കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ് 2002 അനുശാസിക്കുന്നത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണ് പൊട്ടിമുക്കിൽ മദ്യവില്പനശാല ആരംഭിച്ചിട്ടുള്ളതെന്നും, ടി കെട്ടിടം കട്ടകശ്ശേരി കോളനിയിൽ നിന്നും 215 മീറ്ററും, മുളവന മുസ്ലീം ജമാ അത്ത്- ൽ നിന്നും 550 മീറ്ററും, എം. ജി. ഡി ഹൈസ്കൂളിൽ നിന്നും 1400 മീറ്ററും, മുളവന ഗവ എൽ പി സ്കൂളിൽ നിന്നും 500 മീറ്ററും, ജയന്തി കോളനിയിൽ നിന്നും 2 കിലോമീറ്റർ അകലത്തിലുമാണ് സ്ഥിതി ചെയ്യുന്നതെന്നും, FL-1-2002 നമ്പർ ചില്ലറ മദ്യവില്പനശാല പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ തന്നെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും, ഉപഭോക്താക്കളുടെ നിര പുറത്തേക്ക് എത്താത്ത വിധം ആവശ്യമായ സ്ഥലം ഉള്ളതുമാണെന്നും, കൂടാതെ ടി.എസ് നമ്പർ 40- കാഞ്ഞിരക്കോട് കള്ള് ഷോപ്പ് ടി കെട്ടിടത്തിന്റെ സമീപത്തുള്ള കെട്ടിടത്തിൽ 2022-23 വരെ പ്രവർത്തിച്ചിരുന്നതുമാണെന്നും എക്സൈസ് കമ്മീഷണർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ് 2002 പ്രകാരം എഫ് എൽ 1 ഷോപ്പിന് എതിർക്കപ്പെടാവുന്ന സ്ഥലങ്ങളിൽ നിന്നും 200 മീറ്റർ അകലം പാലിച്ചാൽ മതിയാകുന്നതാണ്. കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ, റൂൾസ് 2002 അനുശാസിക്കുന്നത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണ് പൊട്ടിമുക്കിൽ FL-1-2002 ചില്ലറ മദ്യവില്പനശാല ആരംഭിച്ചിട്ടുള്ളത് എന്നുള്ളതിനാൽ പ്രസ്തുത ചില്ലറ മദ്യവില്പനശാല അവിടെ നിന്നും മാറ്റി സ്ഥാപിക്കണമെന്ന ഹർജ്ജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ല. എന്നാൽ ഹർജ്ജിക്കാർ ബോധിപ്പിച്ചത് പ്രകാരം മദ്യവില്പനശാലക്കുള്ളിലും, പാർക്കിങ് സ്ഥലത്തും, മറ്റ് സമീപ പ്രദേശങ്ങളിലും വെച്ച് മദ്യപാനം നടത്തുന്ന പ്രവണത ഉണ്ടെങ്കിൽ ആയത് തടയുന്നതിനായി മദ്യവില്പനശാലയിലും, പാർക്കിങ് സ്ഥലത്തും പരിസരപ്രദേശങ്ങളിലും കർശനമായ പരിശോധനകൾ നടത്തി പൊതുജന ശല്യം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് WP(C)No. 25606/2023 നമ്പർ ഹർജിയിന്മേൽ ബഹു ഹൈക്കോടതി പരാമർശം (1) പ്രകാരം പുറപെടുവിച്ച വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്:- 1. അഡ്വക്കേറ്റ് ജനറൽ , എറണാകുളം

2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

3.ശ്രീ.ബാബുക്കുട്ടൻ.റ്റി, ശ്രീജ ഭവനം, ജയന്തി കോളനി, പേരയം,
മുളവന പി.ഒ- 691503.

4.ശ്രീ.സൈജു.ബി, സൈജു ഭവനം, ജയന്തി കോളനി, പേരയം,
മുളവന പി.ഒ- 691503

5.വെബ് & ന്യൂ മീഡിയ

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ1/186/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 18-10-2024 14:20:33